**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3867**

**21.06.2019 - ൽ മറുപടിക്ക്.**

## വ്യവസായ പാർക്കുകളും ബഹുനില വ്യവസായ എസ്റ്റേറ്റുകളും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. പി. വി. അൻവർ<br>ശ്രീ. കെ. ബാബു. | | **ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി).** | |
| (എ) | സംസ്ഥാനത്ത് വ്യവസായ ആവശ്യങ്ങൾക്കുള്ള ഭൂമിയുടെ ലഭ്യത വളരെ കുറവായ സാഹചര്യത്തിൽ ഒരു വ്യവസായ പ്രദേശത്ത് കൂടുതൽ വ്യവസായങ്ങളെ ഉൾക്കൊള്ളിക്കുന്നതിന് ഭൂമി സർക്കാർ ഏറ്റെടുത്ത് വ്യവസായ പാർക്കുകൾ നിർമ്മിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) : | സംസ്ഥാനത്ത് വ്യവസായ ഭൂമി ലഭ്യത വളരെ കുറവായതിനാൽ നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ കുറഞ്ഞ ഭൂവിസ്തൃതി ഉപയോഗപ്പെടുത്തി ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | സംസ്ഥാനത്ത് നിർമ്മിക്കുന്ന ഓരോ ബഹുനില വ്യവസായ എസ്റ്റേറ്റിന്റെയും 20 ശതമാനം വിഹിതം സ്ത്രീ സംരംഭകർക്കായി നീക്കി വെച്ചിട്ടുണ്ടോ ; | (ബി) : | ഉണ്ട്. |
| (സി) | ബഹുനില എസ്റ്റേറ്റ് പദ്ധതി നടത്തിപ്പിനായി ഈ സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) : | 29.79 കോടി രൂപ. |

സെക്ഷൻ ഓഫീസർ.

ജഹ/17/06/19